LIBRARY ARCHIVES Kerala Legislative Assembly

ഡയസ്നോൺ പ്രഖ്യാപനം

26 (26) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകുമോ :

2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും സമരം ചെയ്തതുമായി ബന്ധപ്പെട്ട് എത്ര ദിവസം 'ഡയസ്നോൺ' പ്രഖ്യാപിച്ചിട്ടുണ്ട് ; അവ ഏതെല്ലാം തീയതികളിലാണെന്ന് അറിയിക്കുമോ ?

ഉത്തരം

ഒരു വിഭാഗം സർക്കാർ ജീവനക്കാരും അദ്ധ്യാപകരും നടത്തിയ പണിമുടക്കുമായി ബന്ധപ്പെട്ട് 2011-12 വർഷം 21-8-2012-ൽ ഒരു ദിവസവും 8-1-2013 മുതൽ 13-1-2013 വരെ ആറ് ദിവസവും 20-2-2013 മുതൽ 21-2-2013 വരെ രണ്ട് ദിവസവും 2014-15 വർഷം 22-1-2015-ൽ ഒരു ദിവസവും ഡയസ്നോൺ പ്രഖ്യാപിച്ചിട്ടുണ്ട്. 2013-14 വർഷം പണിമുടക്ക് നടത്തിയിട്ടില്ലാത്തതിനാൽ ഡയസ്നോൺ പ്രഖ്യാപിച്ചിട്ടില്ല.

പേഴ്സണൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം

27 (27) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മന്ത്രിമാരുടെയും മറ്റും പേഴ്സണൽ സ്റ്റാഫിൽ ജോലി നോക്കുന്നവരുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസിൽ കാലാനുസൃതമായ മാറ്റംവരുത്തുന്നത് സംബന്ധിച്ച നടപടി ഏത് ഘട്ടത്തിലാണ് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത നിയമം അനുസരിച്ച് ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ളവർക്ക് ആ തസ്തികയുടെ മിനിമം ശമ്പളം പോലും നിഷേധിക്കപ്പെടുന്ന അവസ്ഥകണക്കിലെടുത്ത് യോഗ്യതയുടെ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന തസ്തികയുടെ മിനിമംശമ്പളമെങ്കിലും ലഭിക്കത്തക്കവിധം നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തുമോ ?

ഉത്തരം

(എ&ബി) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസിലെ ഭേദഗതി സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നുംമറ്റും പേഴ്സണൽ സ്റ്റാഫിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവർക്ക് അവരുടെ മാതൃസ്ഥാപനത്തിൽ ലഭിക്കുന്ന ശമ്പളത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.